"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കെ.എൻ. സാനു ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA[EKM] 869/2025 നമ്പർ കേസിലെ 17.06.2025 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേസസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2869/2025/LSGD തീയതി,തിരുവനന്തപുരം, 24-11-2025

---

പരാമർശം:-

1. ശ്രീ. കെ.എൻ. സാനുവിനുവേണ്ടി ടിയാന്റെ പവർ ഓഫ് അറ്റോർണി ഹോൾഡറായ ശ്രീ. അജിത്കുമാർ സമർപ്പിച്ച 06.02.2025 തീയതിയിലെ അപേക്ഷ (അനുബന്ധം A11)
2. ശ്രീ. കെ.എൻ. സാനു ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA[EKM] 869/2025 നമ്പർ കേസിലെ 17.06.2025 തീയതിയിലെ ഉത്തരവ്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.08.2025 തീയതിയിലെ LSGD/PD/21394/2025-DEB5 നമ്പർ കത്ത്.
4. 24.11.2025 തീയതിയിലെ സ.ഉ(സാധാ) നം.2868/2025/തസ്വഭവ.

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. കെ.എൻ. സാനുവിന്റെ അനധികൃത ഹാജരില്ലായ്മ ക്രമീകരിക്കുന്നതിനും, യോഗ്യതാ സേവനം അനുസരിച്ച് പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും ഒരു പ്രത്യേക കേസായി അനുവദിക്കുന്നതിനുമായി പരാമർശം 1(അനുബന്ധം എ11) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. കെ.എൻ. സാനു ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA[EKM] 869/2025 നമ്പർ കേസിലെ 17.06.2025 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകന്റെ പവർ ഓഫ് അറ്റോർണി ഹോൾഡർ സമർപ്പിച്ച അപേക്ഷ(അനുബന്ധം A11) പരിഗണിച്ച്, കോടതി ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ, ഉത്തരവ്വ പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി.

2. സർക്കാരിൽ സമർപ്പിച്ച പരാമർശം 1 അപേക്ഷ (അനുബന്ധം A11) പ്രകാരം, 11.09.1992 ൽ സേവനത്തിൽ പ്രവേശിച്ച് 01.04.2004 മുതൽ 31.05.2019 വരെ ശൂന്യവേതനാവധിയിൽ

ആയിരുന്ന ശ്രീ. കെ.എൻ. സാനു ഓസ്ട്രേലിയയിൽ താമസിച്ചിരുന്നതിനാൽ, കോവിഡ്-19 പാൻഡെമിക് മൂലമുണ്ടായ സാഹചര്യങ്ങൾ കാരണം ഓസ്ട്രേലിയൻ അധികൃതരുടെ അനുമതി ലഭിക്കാത്തതിനാലും, യാത്രാ സൗകര്യം ഇല്ലാത്തതിനാലും അദ്ദേഹത്തിന് ഇന്ത്യയിലേക്ക് മടങ്ങാനും 01-06-2019 ന് വീണ്ടും ജോലിയിൽ പ്രവേശിക്കാനും കഴിഞ്ഞില്ലായെന്നും, 31-5-2020 ന് സർവീസിൽ നിന്ന് വിരമിച്ച അപേക്ഷകൻ 01-06-2019 ന് വീണ്ടും ജോലിയിൽ പ്രവേശിക്കാൻ കഴിയാത്തത് വിശദീകരിച്ചുകൊണ്ട് നഗരകാര്യ ഡയറക്ടർ, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി എന്നിവർക്ക് നിവേദനം നൽകിയിരുന്നതായും, സർവീസ് രേഖകൾ പ്രകാരം ശ്രീ. കെ.എൻ. സാനുവിന് 120 ദിവസത്തെ ആർജ്ജിതാവധിയും, 146 ദിവസത്തെ അർദ്ധ വേതനഅവധിയും ക്രെഡിറ്റിൽ ഉള്ളതായും, അതിനാൽ പ്രസ്തുതഅവധികൾ അപേക്ഷകന്റെ ഓവർസ്റ്റേ കാലയളവിനും 01-06-2019 മുതൽ 31-05-2020 വരെയുള്ള ഡ്യൂട്ടിയില്ലായ്മയ്ക്കും ക്രമീകരിക്കുന്നതിനും, ബാക്കിയുള്ള ദിവസങ്ങൾ ഡയസ് നോൺ ആയും കണക്കാക്കി യോഗ്യതാ സേവനം അനുസരിച്ച് പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും ഒരു പ്രത്യേക കേസായി അനുവദിക്കണമെന്നും അപേക്ഷകൻ അഭ്യർത്ഥിക്കുകയുണ്ടായി.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3 റിപ്പോർട്ട് പ്രകാരം കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ആയി 11.02.1992 ൽ സേവനമാരംഭിച്ച ശ്രീ സാനു. കെ എൻ -ന് 16.12.2003 ലെ G.O(Rt) 4384/03/LSGD ഉത്തരവ് പ്രകാരം BETTER EMPLOYMENT (Foreign Service) ന് അഞ്ച് വർഷത്തേക്ക് ശൂന്യവേതന അവധി അനുവദിച്ചിരുന്നു. തുടർന്ന് 06.04.2009 ലെ GO(Rt) 869/09/LSGD ഉത്തരവ് പ്രകാരം അഞ്ച് വർഷത്തേക്കും 04.03.2014ലെ E2-1794/14 ഉത്തരവ് പ്രകാരം വീണ്ടും അഞ്ച് വർഷത്തേക്കും കൂടി ലീവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. തുടർന്ന് വീണ്ടും അഞ്ച് മാസത്തേക്ക് കൂടി ലീവ് ദീർഘിപ്പിക്കുന്നതിനായി ടിയാൻ 27.10.2018ൽ നഗരകാര്യ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നതും ആയത് അനുവദിച്ചുകൊണ്ടും മേൽ ലീവ് കാലാവധി കഴിയുന്ന 01.06.2019 മുതൽ സർവീസിൽ തിരികെ പ്രവേശിക്കുന്നതിനും 27.03.2019 ൽ E4- 25956/2018 നം ഉത്തരവ് പ്രകാരം ടിയാനോട് നിർദേശിച്ച് ഉത്തരവിട്ടിരുന്നു. മേൽ വിവരം ടിയാന് കൊച്ചി നഗരസഭയിൽ നിന്നും ടെലിഫോൺ മുഖേന അറിയിച്ചിട്ടുള്ളതുമാണ്. എന്നാൽ കോവിഡ് സാഹചര്യം മൂലം ടിയാൻ ഓസ്ട്രേലിയയിൽ നിന്ന് ഇന്ത്യയിലേക്ക് വരുവാനോ ജോലിയിൽ തിരികെ പ്രവേശിക്കുവാനോ സാധിച്ചിരുന്നില്ലെന്നും ആയതിനാൽ 01.06.2019 മുതൽ 31.05.2020 വരെയുള്ള ടിയാന്റെ ലീവ് പിരീഡ് ഓവർസ്റ്റേയൽ പീരീഡായി അനുവദിച്ച് 31.05.2020 ന് വിരമിക്കൽ തീയതിയായി കണക്കാക്കി പെൻഷനും മറ്റ ആനുകൂല്യങ്ങളും അനുവദിക്കുന്നതിനായി ടിയാൻ 13.07.2022ൽ നഗരകാര്യ ഡയറക്ടർക്ക് അപേക്ഷ നൽകിയിരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു.

4. 01.06.2019 ലാണ് ടിയാൻ സർവ്വീസിൽ പുനഃപ്രവേശിക്കേണ്ടിയിരുന്നത്. ആ സമയത്ത് കോവിഡ് സാഹചര്യം നിലവിലുണ്ടായിരുന്നില്ല. ടിയാന് സർവ്വീസിൽ പുനഃപ്രവേശിക്കാമായിരുന്നെങ്കിലും ടിയാൻ സർവ്വീസിൽ പുനഃപ്രവേശിച്ചിരുന്നില്ല. നിലവിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥപ്രകാരം, സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിന് മൂന്ന് മാസം മുമ്പ് നിയമനാധികാരി മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ അപേക്ഷകൻ നേരിട്ട് നിയമനാധികാരി മുമ്പാകെ ഹാജരാകുകയോ അപേക്ഷ സമർപ്പിക്കുകയോ ചെയ്തിരുന്നില്ലായെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, 01.06.2019 ന് സർവീസിൽ പുനഃപ്രവേശിക്കേണ്ടിയിരുന്ന ശ്രീ.കെ.എൻ.സാനു, അന്നത്തെ COVID-19 സാഹചര്യം അനുസരിച്ച് പുനഃപ്രവേശം സാധ്യമായില്ല എന്ന് വിശദീകരണം നൽകിയിട്ടുണ്ടെങ്കിലും, പ്രസ്തുത കാലയളവിൽ കോവിഡ്-19 നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്നില്ല എന്ന് കാണുന്നു. അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന ജീവനക്കാരനെതിരെ യഥാസമയം അച്ചടക്ക നടപടി സ്വീകരിച്ച് ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ് എന്ന് ചട്ടപ്രകാരം വ്യവസ്ഥയുള്ളതാണ്. 01.04.2004 മുതൽ 31.05.2019 വരെ ശൂന്യവേതനാവധിയിൽ ആയിരുന്ന ശ്രീ. കെ.എൻ. സാനു 01-06-2019 മുതൽ 31-05-2020 വരെ അനധികൃതമായി സേവനത്തിൽ പ്രവേശിക്കാതെ തുടരുകയും 31-5-2020 ന് സർവീസിൽ നിന്ന് വിരമിച്ചിട്ടുള്ളതുമാണ്. ആയതിനാൽ പ്രസ്തുത കാലയളവ് ക്രെഡിറ്റിൽ ഉള്ള അവധിയായി ക്രമീകരിക്കണമെന്ന ആവശ്യം ചട്ടപ്രകാരം പരിഗണിക്കാവുന്നതല്ല. ശ്രീ.കെ.എൻ.സാനു അനധികൃതമായി സേവനത്തിൽ പ്രവേശിക്കാതിരുന്നതായി ബോധ്യമായതിനാൽ ഡ്യൂട്ടിയിൽ നിന്നും ബോധപൂർവ്വം വിട്ടുനിൽക്കുന്നത് വളരെ ഗൗരവമേറിയ പെരുമാറ്റ ദൂഷ്യമായി കണക്കാക്കി സംതൃപ്തികരമല്ലാത്ത സർവ്വീസിന്റെ വെളിച്ചത്തിൽ കെ.എസ്.ആർ ഭാഗം III ചട്ടം 59 (d) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് 31.05.2020ൽ വിരമിച്ച ടിയാന്റെ 01-06-2019 മുതൽ 31-05-2020 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ്, പരാമർശം 4 പ്രകാരം, നോൺ ഡ്യൂട്ടി ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

6. മേൽ സാഹചര്യത്തിൽ 11.09.1992 ന് സേവനത്തിൽ പ്രവേശിച്ച്, 01.04.2004 ന് ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്നതുവരെയുള്ള കാലയളവിൽ ശ്രീ.കെ.എൻ.സാനുവിന്, കെ.എസ്.ആർ ഭാഗം III ചട്ടങ്ങൾ പ്രകാരം ടിയാന്റെ സ്വഭാവം (good character), ചട്ടം 115(സി) (ii) പ്രകാരമുള്ള 'established service', ചട്ടം 59 (a) പ്രകാരമുള്ള തൃപ്തികരമായ സേവനകാലം (satisfactory service) എന്നിവ പരിഗണിച്ച ശേഷം മിനിമം പെൻഷന് യോഗ്യതയുള്ള സേവനകാലം ഉള്ള പക്ഷം ടിയാന് അർഹമായ പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും ചട്ടപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ച് ടിയാന് ലഭ്യമാക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാരിൽ സമർപ്പിച്ച അനുബന്ധം A11 അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA[EKM] 869/2025 നമ്പർ കേസിലെ 17.06.2025 തീയതിയിലെ ഉത്തരവ് നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ. കെ.എൻ.സാനു, മുൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കൊച്ചി നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

Sri. Ajithkumar.R, Moolayil House, Maravanthuruth.P0, Vaikom, Kottayam -686141(Power of Attorney Holder of Sri. KN Sanu)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 25-11-2025 09:57:28

സെക്ഷൻ ഓഫീസർ